പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5823 28.03.2018-ൽ മറുപടിയ്ക്ക്

## മാലിന്യ നിക്ഷേപത്തിനെതിരെ നടപടി

ചോദ്യം

ശ്രീ.വി.അബ്ദുറഹിമാൻ

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പകർച്ചവ്യാധികൾ പകർന്ന് പിടിക്കും വിധം പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയും മലിനജലം ഒഴുക്കുകയും ചെയ്യുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | എ) | പകർച്ചവ്യാധികൾ പടർന്ന് പിടിക്കും വിധം പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയും മലിനജലം ഒഴുക്കുകയും ചെയ്യുന്നവർക്കെതിരെ തിരുകൊച്ചി പൊതുജനാരോഗ്യനിയമം, മദ്രാസ് പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി നിയമം തുടങ്ങിയവ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാധാരണയുള്ള പരിശോധനകൾക്ക് പുറമേ ഹെൽത്തി കേരള പരിശോധനയുടെ ഭാഗമായി നിർദ്ദിഷ്ട ദിവസങ്ങളിൽ എല്ലാ ജില്ലകളിലും ഒരേദിവസം ഇത്തരം പരിശോധനകൾ നടത്തി നടപടിയെടുത്തുവരുന്നുണ്ട്. |
| ബി) | വീട്ടുകളിലെ മലിനജലം പൊതുസ്ഥലത്തേക്കും റോഡുകളിലേക്കും ഒഴുക്കി വിടുന്നവർക്കെതിരെ ലഭിക്കുന്ന പരാതികൾ ഗൗരവപൂർവ്വം അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ; | ബി) | വീട്ടുകളിലെ മലിനജലം പൊതുസ്ഥലത്തേക്കും റോഡുകളിലേക്കും ഒഴുക്കി വിടുന്നവർക്കെതിരെ ലഭിക്കുന്ന പരാതികൾ ജില്ലാതലത്തിലും പ്രാഥമിക ആരോഗ്യകേന്ദ്രതലങ്ങളിലും പരിശോധിച്ച് വേണ്ട അന്വേഷണം നടത്തി നടപടികൾ എടുക്കുന്നുണ്ട്. |
| സി) | ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ചുമതലപ്പെട്ട ആരോഗ്യവകുപ്പ് | സി) | സംസ്ഥാന തലത്തിൽ സംസ്ഥാന മാസ് മീഡിയ കം എഡ്യൂക്കേഷൻ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീമും ജില്ലാതലത്തിൽ ജില്ലാ എഡ്യൂക്കേഷൻ ആന്റ് |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | മീഡിയ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീമും പ്രാഥമികാരോഗ്യ കേന്ദ്രതലത്തിൽ മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജിന്റെ നേതൃത്വത്തിലുള്ള ടീമും അതാത് തലങ്ങളിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നു. ഫീൽഡ് തല ഉദ്യോഗസ്ഥരായ ഹെൽത്ത് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക്ഹെൽത്ത് നഴ്സ് എന്നിവർക്കും ബോധവൽക്കരണ ചുമതലയുണ്ട്. കൂടാതെ സംസ്ഥാന തല ജില്ലാതല പ്രോഗ്രാം ഓഫീസർമാരും ബോധവൽക്കരണത്തിൽ ഏർപ്പെടുന്നു. വിവിധ ദേശീയ ആരോഗ്യ പരിപാടികളുടെയും സംസ്ഥാന ആരോഗ്യ പരിപാടികളുടെയും ഭാഗമായി ആരോഗ്യ വിദ്യാഭ്യാസം വിവിധ പത്ര, ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കും, വിവിധ വകുപ്പുദ്യോഗസ്ഥർക്കും ഏജൻസികൾക്കും, സന്നദ്ധ പ്രവർത്തകർക്കും ആരോഗ്യപ്രവർത്തകർക്കും നൽകുക., ആരോഗ്യ ദിനാചരണം, മാസാചരണം തുടങ്ങിയവ ഏകോപിപ്പിക്കുക, ബോധവൽക്കരണ ഉപാധികൾ തയ്യാറാക്കുകയും വിതരണം ചെയ്യുകയും ചെയ്യുക., ആരോഗ്യ സംബന്ധമായ പരിശീലനങ്ങൾ നടത്തുക എന്നിവയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ ചുമതലകളാണ്. |
| ഡി) | സ്കൂൾ, കോളേജ് ഉൾപ്പെടയുള്ള പൊതു സ്ഥാപനങ്ങളിൽ ആരോഗ്യ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് നൂതന പദ്ധതികൾ നടപ്പിലാക്കുമോ? | ഡി) | സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള ആരോഗ്യ ബോധവത്ക്കരണം അതാത് സ്ഥലത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. അതിനുപരിയായി ജില്ലാ, സംസ്ഥാന തലങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആൾ ഇൻഡ്യാ റേഡിയോ, ദൂരദർശൻ, എഫ്.എം.ചാനൽ, റേഡിയോ ഹെൽത്ത് തുടങ്ങിയ വഴി ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ആരോഗ്യ ദിനാചാരണങ്ങൾ, മാസാചരണങ്ങൾ, ആരോഗ്യ സന്ദേശ യാത്ര തുടങ്ങിയവയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു. അസംബ്ലികളിൽ ആരോഗ്യ സംബന്ധമായ പ്രതിജ്ഞകൾ എടുപ്പിക്കുന്നു. ആരോഗ്യ ജാഗ്രത പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികളെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നു. ആരോഗ്യസംബന്ധമായ പഠന പ്രോജക്ടുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നു. ആരോഗ്യ സംബന്ധമായ വിഷയങ്ങളിൽ കലാ പരിപാടികൾ, മത്സരങ്ങൾ തുടങ്ങിയവയിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ